## വടകര നഗരസഭ

☎ Office: 0496 - 2512378, 2515190

TP3/KKD/0200875/2023 Date: 23/01/2024

### റിപ്പോർട്ട്

വിഷയം:- വടകര നഗരസഭ- നവകേരള സദസ്സ് - ജില്ലാ അദാലത്തിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. KKD/0200875/2023 നമ്പർ പ്രകാരം ശ്രീ. പ്രകാശൻ മൂലയിൽ സമർപ്പിച്ച അപേക്ഷ.

2. 19.01.2024 തിയ്യതി തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ഇന്റേണൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വടകര ബ്ളോക്ക് പഞ്ചായത്ത് ഹാളിൽ വെച്ച് ചേർന്ന അദാലത്ത് തീരുമാനം.

******

ശ്രീ. പ്രകാശൻ, മൂലയിൽ, പാക്കയിൽ എന്നവർ കെട്ടിട നിർമ്മാണ അനുമതിക്കായി വടകര നഗരസഭയിൽ BA-609/11-12 നമ്പറായി 10/11/2011 തിയ്യതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. 15/11/2012 തിയ്യതി ടിയാന് 88.35 ച.മീ തറ വിസ്തീർണ്ണത്തിൽ വീട് നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളതാണ്. ടിയാൻ 16/01/2020 ന് BA-580/19-20 നമ്പർ ഫയലായി മേൽ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് വീണ്ടും അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ 96.67 ച.മീ തറ വിസ്തീർണ്ണത്തിൽ വീടിന്റെ നിർമ്മാണം പൂർത്തിയായതായും പ്രസ്തുത സ്ഥലം CRZ പരിധിയിൽ ആണെന്നും റിപ്പോർട്ട് ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ KCZMA യുടെ അനുമതിക്കായി 11/05/2020 തിയ്യതിയിൽ അയച്ചുനൽകുകയും ചെയ്തു. KCZMA യുടെ 30/07/2020 ലെ TCPKZD/1040/2020 - C1നമ്പർ കത്ത് പ്രകാരം മേൽ അപേക്ഷയിൽ താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി അറിയിക്കുകയും ചെയ്തു.

1. പ്രസ്തുത അപേക്ഷയിൽ CRZ ക്രമവൽക്കരണത്തിന് സമർപ്പിച്ച കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം റി.സർവ്വെ നമ്പർ 200 ൽ CZMP-2011 പ്രകാരം കണ്ടൽക്കാടിന്റെ ബഫർ സോൺ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ സർവ്വെ സ്കെച്ച് ഇല്ലാത്തതിനാൽ സ്ഥലം കൃത്യമായി മേപ്പിൽ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. CRZ IA കണ്ടൽക്കാടും അതിന്റെ ബഫർ സോണിലും പുതിയ നിർമ്മാണങ്ങൾ ഒന്നും അനുവദനീയമല്ല.

2. നിലവിലുള്ള രണ്ട് കെട്ടിടങ്ങളുടെ പുഴയിൽ നിന്നുള്ള ദൂരവും സൈറ്റ് പ്ളാനിൽ രേഖപ്പെടുത്തണം.

3. സൂചന (1) പ്രകാരം ക്രമവൽക്കരിക്കേണ്ട കെട്ടിട നിർമ്മാണം 26.02.2020 ന് മുൻപ് പൂർത്തിയാക്കേണ്ടതുണ്ട്. ആയതിനാൽ കെട്ടിട നിർമ്മാണം പൂർത്തിയായ തിയ്യതി കൂടി അറിയിക്കേണ്ടതാണ്.19/10/2020 തിയ്യതി ന്യൂനതകൾ പരിഹരിച്ച് ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മറയ്ക്ക് മാത്രമേ മേൽ അപേക്,യിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ എന്ന വിവരം KCZMA യിൽ നിന്നും ലഭിച്ച കത്തിന്റെ പകർപ്പ് സഹിതം അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ന്യൂനതകൾ പരിഹരിച്ച് ടിയാൻ അപേക്ഷ പുന സമർപ്പിക്കാത്തതു കാരണമാണ് KCZMA യുടെ അനുമതിക്കായി ടിയാന്റെ ഫയൽ സമർപ്പിക്കാൻ സാധിക്കാത്തത് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

സെക്രട്ടറി
വടകര നഗരസഭ